A

1012

# സമഗ്ര ശിക്ഷാ, കേരളം

## ആത്യന്തികവിലയിരുത്തൽ - I 2026-27

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ് : 10

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ :**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
- A അല്ലെങ്കിൽ B എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം) (4 x 1 = 4)**

1. "കണ്ണുകളാൽ ഖൽബുകളില്
കല്ലെറിയുന്നോളേ... കല്ലെറിയുന്നോളേ..."

( ഖൽബിലെ നിലാവ് )

ഈ വരികളിലെ ഖൽബ് എന്ന പദത്തിന് സമാനമായി വരുന്ന പദം ഏത് ?

A. പൂവ് B. മനസ്സ്
C. ഓർമ്മ D. നിലാവ്

2. താഴെ കൊടുത്തവയിൽ ശരിയായി വിഗ്രഹിച്ച് എഴുതിയത് ഏത്?

I. നെൽക്കതിർ - നെല്ലും കതിരും
II. മരക്കൊമ്പ് - മരത്തിന്റെ കൊമ്പ്
III. സ്വർണ്ണച്ചിറക് - സ്വർണ്ണമാകുന്ന ചിറക്
IV. ഉദയസൂര്യൻ - ഉദയത്തിലെ സൂര്യൻ

A. III മാത്രം ശരി B. I ഉം III ഉം ശരി
C. I മാത്രം ശരി D. II ഉം IV ഉം ശരി

3. "വെറുതെ <u>കലപില പറഞ്ഞുപോകുന്ന</u> പെൺകൂട്ടങ്ങൾ."

(ചിത്രകാരി)

അടിവരയിട്ട പ്രയോഗത്തിന്റെ ആശയത്തിന് അനുയോജ്യമായത് ഏത് ?

A. ഒറ്റയ്ക്ക് സംസാരിക്കുക B. ഗൗരവമായി സംസാരിക്കുക
C. ചുരുക്കിപ്പറയുക D. നിരർഥകമായി സംസാരിക്കുക

(മറുപുറം)



www.educationobserver.com

4. "ഈ കൂരമ്പുകളെല്ലാം മുറിച്ചു. ഇനി ആർക്കും പുതിയ ചിറകുകൾ നൽകാനാവില്ലല്ലോ."

(ഒരു പക്ഷിക്കുഞ്ഞിന്റെ മരണം)

പക്ഷിശാസ്ത്രക്കാരന്റെ ഏത് മാനസികാവസ്ഥയാണ് ഇവിടെ പ്രകടമാകുന്നത് ?

A. ഭയം B. അഹംഭാവം

C. സങ്കടം D. സന്തോഷം

**5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. (3 സ്കോർ വീതം)**

**(3 x 3 = 9)**

5. "താമരപ്പൂങ്കാവനത്തില്

താമസിക്കുന്നോളേ... താമസിക്കുന്നോളേ...

പഞ്ചവർണ്ണപ്പൈങ്കിളിയില്

പങ്ക് റങ്കുള്ളോളേ... പങ്ക് റങ്കുള്ളോളേ..."

(ഖൽബിലെ നിലാവ്)

ഈ വരികളിൽ തെളിയുന്ന നായികാവർണ്ണനയുടെ ഭംഗി വ്യക്തമാക്കുക.

6. (A) "വരയ്ക്കാതെ വരയ്ക്കാതെ അവളൊക്കെയും മറന്നുപോയിരിക്കും"

(ചിത്രകാരി)

അടിവരയിട്ട പ്രയോഗം സന്ദർഭത്തിന് നൽകുന്ന അർഥതലങ്ങൾ വ്യക്തമാക്കുക.

**അല്ലെങ്കിൽ**

(B) "കാത്തിരുന്ന് കാത്തിരുന്ന്

കാൽ തരിച്ചുപോയി കാൽ തരിച്ചുപോയി...

കണ്മണിയെ കാണുവാനായ്

കൺ കൊതിച്ചുപോയി..."

(ഖൽബിലെ നിലാവ്)

നായകന്റെ മാനസികാവസ്ഥ ഈ വരികളിൽ ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ?

7. **അർഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളാക്കുക.**

വിശാലമായി വളർന്നുപന്തലിച്ചു നിൽക്കുന്ന മരത്തിന്റെ താഴ്ന്ന കൊമ്പുകളിലും ചുവട്ടിലുമായി ഒട്ടനവധി വെളുത്ത പക്ഷികൾ ശബ്ദമുണ്ടാക്കി രസിച്ചും പാടിയും കഴിയുന്നു.

**8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 സ്കോർ വീതം)**

**(4x5=20)**

8. "തളരാതെ പറന്നുയരിൻ...കുഞ്ഞിച്ചിറക് വിടർത്തിപ്പോകിൻ... പെരുവഴിയിരുളാണെങ്കിലും ഒന്നിച്ചു പറക്കുവിൻ... മിന്നിമിനുങ്ങും ഹൃദയത്തിൽ വെളിച്ചം ഒന്നായൊഴുക്കുവിൻ..."

(ഒരു പക്ഷിക്കുഞ്ഞിന്റെ മരണം)

പക്ഷിശാസ്ത്രക്കാരന്റെ വാക്കുകൾ വർത്തമാനകാലസമൂഹത്തിന് നൽകുന്ന സന്ദേശങ്ങൾ എന്തെല്ലാം? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

(മറുപുറം)



www.educationobserver.com

9. . "പൂനിലാവ് വന്ന് പൂ വിതറണുണ്ട്
പൂക്കളിൽ പൂ റാണിയായി
പൂത്തുനിൽക്കുന്നോളേ..
പൂത്തുനിൽക്കുന്നോളേ..."

(ഖൽബിലെ നിലാവ്)

വരികളിലെ കാവ്യപരമായ സവിശേഷതകൾ കണ്ടെത്തി എഴുതുക.

10. ഗദ്യഭാഗം വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓലയുടെയോ നാരായത്തിന്റെയോ ഒത്താശകൂടാതെ നാടെങ്ങും പ്രചരിക്കുന്ന വാമൊഴി സാഹിത്യമാണ് നാടൻസാഹിത്യം. സാമാന്യജനസമൂഹത്തിന്റെ സാഹിത്യമാണത്. ഒരു വ്യക്തിയുടെ സൃഷ്ടി എന്നതിനെക്കാൾ ഒരു സമൂഹത്തിന്റെ സംഭാവന എന്ന നിലയിലാണ് അതിനെ പരിഗണിക്കുന്നത്. വൈയക്തികവികാരങ്ങളെക്കാൾ ഒരു ജനസമൂഹത്തിന്റെ വികാരവിചാരങ്ങളായിരിക്കും അതിൽ പ്രതിഫലിക്കുക. നാടൻജീവിതത്തെയും സംസ്കാരത്തെയും തുറന്നുകാട്ടുവാൻ അവയ്ക്കുള്ള കഴിവ് അന്യാദൃശമാണ്. ഏതൊരു സാഹിത്യത്തിന്റെയും ഉദയം വാമൊഴിരൂപത്തിലായിരിക്കുവാനാണ് സാധ്യത. തലമുറകളായി ചുണ്ടിൽനിന്ന് ചുണ്ടിലേക്കു പകർന്നാണ് അവ നിലനിന്നുപോന്നത്. അത്തരം വാമൊഴിക്കലകളെല്ലാം ജനസാഹിത്യമാണ്. അവയുടെയെല്ലാം പ്രാക്തനരൂപം ഇന്ന് കണ്ടെത്തുവാൻ പ്രയാസമുണ്ടാകാം. ഭാഷാപരമായി പല മാറ്റങ്ങൾക്കും അവ വിധേയമായിത്തീർന്നിരിക്കാം. നാടൻസാഹിത്യം യഥാർഥത്തിൽ വാങ്മയസംസ്കാരമാണ്. ഓർമ്മയ്ക്ക് അതിലുള്ള സ്ഥാനം പരമപ്രധാനമത്രേ. വാമൊഴി പാരമ്പര്യത്തിൽപ്പെട്ട രൂപങ്ങളെയെല്ലാം വാങ്മയകല എന്ന് വിശേഷിപ്പിക്കപ്പെടാറുണ്ട്.

(ഡോ. എം. വി വിഷ്ണുനമ്പൂതിരി)

(1) ഈ ഗദ്യഭാഗത്തിന് ഉചിതമായ ശീർഷകം നൽകുക. (സ്കോർ 1)

(2) സാമാന്യജനസമൂഹത്തിന്റെ സാഹിത്യം എന്നതുകൊണ്ട് ലേഖകൻ അർഥമാക്കുന്നതെന്ത് ? (സ്കോർ 2)

(3) നാടൻസാഹിത്യം വാങ്മയസംസ്കാരമാണ് എന്ന് പറയുന്നതെന്തുകൊണ്ട്? (സ്കോർ 2)

11 (A). ഒരു കിളി : "ഞങ്ങളുടെ ചിറകടികൊണ്ട് ഈ പൊരിവെയിലിൽ അവനും കുളിർമ്മ നൽകും."

പക്ഷിശാസ്ത്രക്കാരൻ: നമ്മൾക്ക് കുളിർമ്മ തന്നവനും വെട്ടിയവനും തണലേകുക."

(ഒരു പക്ഷിക്കുഞ്ഞിന്റെ മരണം)

"സ്നേഹിക്കയുണ്ണി നീ നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും
ദ്രോഹം ദ്വേഷത്തെ നീക്കിടാ
സ്നേഹം നീക്കിടുമോർക്ക നീ"

(കുമാരനാശാൻ)

രണ്ടു രചനാഭാഗങ്ങളിലും തെളിയുന്ന ജീവിതദർശനം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

അല്ലെങ്കിൽ

(മറുപുറം)



www.educationobserver.com

(B) "ചിത്രകാരി" എന്ന കഥയിലെ ആശയവുമായി ബന്ധിപ്പിച്ച് ചുവടെ നൽകിയ ചിത്രം വ്യാഖ്യാനിച്ച് കുറിപ്പ് തയ്യാറാക്കുക.



**ചുവടെ തന്നിരിക്കുന്ന ചോദ്യത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(7 സ്കോർ)**
**(1x7=7)**

12.(A) • "നാടിന്നകം നാടകം
നാട് നാകമാക്കുന്നതേ നാടകം."

| നാകം-സ്വർഗം |
|---|

(കുഞ്ഞുണ്ണി)

• "അയ്യോ! വേണ്ട. എന്റെ പൊന്നുംകുടങ്ങളേ, കൊത്തണ്ട...ആ രക്തംകൊണ്ട് കുഴയ്ക്കണ്ട."

• "നിനക്ക് ചിറകുകൾ ഞങ്ങൾ തരാം... സ്വർണ്ണച്ചിറകുകൾ, സ്വപ്നങ്ങൾ... വരൂ"

(ഒരു പക്ഷിക്കുഞ്ഞിന്റെ മരണം)

സൂചനകളും നാടകവും വിശകലനം ചെയ്ത് '**ഒരു പക്ഷിക്കുഞ്ഞിന്റെ മരണം എന്ന നാടകത്തിന്റെ സാമൂഹികപ്രസക്തി** 'എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(B) • "അവളുടെ വീട് നിറയെ ചിത്രങ്ങളായിരുന്നു. പലതരത്തിലുള്ളവ, വലിപ്പങ്ങളിലുള്ളവ, നിറങ്ങളിലുള്ളവ..."

• "അപൂർണ്ണമായൊരു ചിത്രത്തിന്റെ മഞ്ഞപ്പച്ചച്ചായങ്ങൾ അപ്പോഴും പറ്റിനിന്നിരുന്നു. നിശ്ശബ്ദമായൊരു കരച്ചിലോടെ, അവൾ കൈകഴുകാൻ തുടങ്ങി."

(ചിത്രകാരി)

സൂചനകളും കഥയും വിശകലനം ചെയ്ത് ഫിസ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

**************



www.educationobserver.com